## പതിനാലാം കേരള നിയമസഭ

**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 427
08.08.2017 ലെ മറുപടിക്ക്

### ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ

**ചോദ്യം** **ഉത്തരം**

**ശ്രീ. മുഹമ്മദ് മുഹസിൻ. പി** **ശ്രീ.കെ. എൻ. ബാലഗോപാൽ (ബഹു.ധനകാര്യവകുപ്പ് മന്ത്രി)**

| ചോദ്യം | ഉത്തരം |
|---|---|
| ഈ സർക്കാരിന്റെ രണ്ട് ബജറ്റിലുമായി പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ? | **പരിസ്ഥിതി വകുപ്പ്**<br>**2016-17**<br>1. ജൈവവൈവിധ്യ രജിസ്റ്ററുകളുടെ പൂർത്തീകരണവും അതിനെ അടിസ്ഥാനമാക്കി പ്രാദേശിക തലത്തിലുള്ള പ്രവർത്തനങ്ങളും - 2016-17 വർഷത്തിൽ മേൽ പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുള്ളതാണ്. കേരളത്തിലെ 854 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ രൂപീകരണം പൂർത്തിയായിക്കഴിഞ്ഞു.<br>2. മീനങ്ങാടി ഗ്രാമപഞ്ചായത്തിനെ കാർബൺ ന്യൂട്രൽ ആക്കുന്നതിനുള്ള പദ്ധതികൾ - മേൽ പദ്ധതി തണൽ എന്ന എൻ.ജി.ഒ വഴി തദ്ദേശസ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പാക്കിവരുന്നു.<br>3. കാർഷിക കലണ്ടർ രൂപീകരികരണം - അന്തർദേശീയ കായൽ കൃഷി ഗവേഷണ പരിശീലന കേന്ദ്രത്തിന് 30 ലക്ഷം രൂപയുടെ ഫണ്ട് അനുവദിച്ചു.<br>**2017-18**<br>2017-18 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പദ്ധതികൾ 2016-17 ലെ പദ്ധതികളുടെ തുടർ പദ്ധതികളാണ്. ജൈവവൈവിധ്യ രജിസ്റ്റർ നടപ്പാക്കൽ, ജൈവവൈവിധ്യ ക്ലബ്ബുകളുടെ രൂപീകരണം എന്നിവ കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് നടപ്പിലാക്കുന്ന തുടർ പദ്ധതികളാണ്.<br>**പിന്നാക്ക വിഭാഗ വികസന വകുപ്പ്**<br>രണ്ട് ബഡ്ജറ്റിലും പുതിയ പദ്ധതികൾ ഒന്നും പ്രഖ്യാപിച്ചിട്ടില്ല. നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾക്കുള്ള വകയിരുത്തൽ വിനിയോഗിക്കുന്നതിന് നടപടി എടുത്തിട്ടുണ്ട്.<br>**2016-17**<br>1. ഒ.ഇ.സി പ്രീമെട്രിക് അസിസ്റ്റൻസ് - അനുവദിച്ച തുക ചെലവഴിച്ചു. 202230 വിദ്യാർത്ഥികൾക്ക് ആനുകൂല്യം ലഭിച്ചു.<br>2. ഒ.ഇ.സി പോസ്റ്റ് മെട്രിക് അസിസ്റ്റൻസ്/കെപിസിആർ/എസ്ഇബിസി ധനസഹായം - അനുവദിച്ച തുക ചെലവഴിച്ചു. 188376 വിദ്യാർത്ഥികൾക്ക് ആനുകൂല്യം ലഭിച്ചു.<br>3. ഓവർസീസ് സ്കോളർഷിപ്പ് - 200 ലക്ഷം അനുവദിച്ചതിൽ 100 ലക്ഷം ചെലവഴിച്ചു. 17 പേരെ തിരഞ്ഞെടുത്തു. ആനുകൂല്യം നൽകുന്നതിന് നടപടി എടുത്തുവരുന്നു. |

| | |
|---|---|
| | 4. എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം - 550 ലക്ഷം രൂപ അനുവദിച്ചതിൽ 550 ലക്ഷം രൂപയും ചെലവഴിച്ചു. 4045 പേർക്ക് ആനുകൂല്യം ലഭിച്ചു.<br>5. പരമ്പരാഗത കളിമൺപാത്ര നിർമ്മാണ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് തൊഴിൽ നവീകരണ ഗ്രാന്റ് - 180 ലക്ഷം അനുവദിച്ചതിൽ 180 ലക്ഷം ചെലവഴിച്ചു. 711 പേർക്ക് ആനുകൂല്യം ലഭിച്ചു.<br>6. കരിയർ ഇൻ ഓട്ടോമൊബൈൽ ഇൻഡസ്ട്രി - 40 ലക്ഷം അനുവദിച്ചതിൽ 8.18 ലക്ഷം രൂപ ചെലവഴിച്ചു. 30 പേർക്ക് ആനുകൂല്യം ലഭിച്ചു.<br>7. ബാർബർ ഷോപ്പ് നവീകരണം - 255 ലക്ഷം രൂപ അനുവദിച്ചതിൽ 170.45 ലക്ഷം രൂപ ചെലവഴിച്ചു. 1265 പേർക്ക് ആനുകൂല്യം ലഭിച്ചു.<br>8. ടൂൾ കിറ്റ് ഗ്രാന്റ് - 250 ലക്ഷം രൂപ അനുവദിച്ചതിൽ 250 ലക്ഷം രൂപ ചെലവഴിച്ചു. 2500 പേർക്ക് ആനുകൂല്യം ലഭിച്ചു.<br>9. ഒ.ബി.സി പ്രീമെട്രിക് സ്കോളർഷിപ്പ് - അനുവദിച്ച തുക ചെലവഴിച്ചു. 306826 വിദ്യാർത്ഥികൾക്ക് ആനുകൂല്യം ലഭിച്ചു.<br>10. ഒ.ബി.സി പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് - അനുവദിച്ച തുക ചെലവഴിച്ചു. 108042 വിദ്യാർത്ഥികൾക്ക് ആനുകൂല്യം ലഭിച്ചു.<br>**<u>2017-18</u>**<br>കൺസ്ട്രക്ഷൻ ഓഫ് ഒ.ബി.സി പോസ്റ്റ് മെട്രിക് ഹോസ്റ്റൽ - ഒ.ബി.സി പോസ്റ്റ് മെട്രിക് ഹോസ്റ്റൽ നിർമ്മാണത്തിന് 2011-12 മുതൽ കേന്ദ്ര സർക്കാർ ധനസഹായം അനുവദിക്കുന്നില്ല. 2010-11 ൽ അനുവദിച്ച 119 ലക്ഷം രൂപയുടെ വിനിയോഗം സാധ്യമാകാത്തതിനാലാണ് നിലവിൽ തുക അനുവദിക്കാത്തത്.<br><br>**<u>സാമൂഹ്യ നീതി വകുപ്പ്</u>**<br>**<u>2016-17</u>**<br>1.ചെറുപ്രായത്തിൽ തന്നെ ശേഷിക്കുറവുകൾ കണ്ടെത്തി ചികിത്സിപ്പിക്കുന്നതിനുള്ള പദ്ധതി - പദ്ധതി നടത്തിപ്പിനായുള്ള തുക (22.69 കോടി) കേരള സാമൂഹ്യ സുരക്ഷാ മിഷന് 2016-17 സാമ്പത്തിക വർഷം കൈമാറിയിട്ടുണ്ട്.<br>2. കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി - പദ്ധതി നടത്തിപ്പിനായുള്ള തുക (10 കോടി) കേരള സാമൂഹ്യ സുരക്ഷാ മിഷന് 2016-17 സാമ്പത്തിക വർഷം കൈമാറിയിട്ടുണ്ട്.<br>3. അന്ധരായ യുവതി യുവാക്കൾക്ക് സാങ്കേതിക വിദ്യയിലൂടെയുള്ള പരിശീലന പദ്ധതി - കേരള ഫെഡറേഷൻ ഓഫ് ബ്ലൈൻഡിന്റെ സഹകരണത്തോടെ നടപ്പിലാക്കുന്ന പദ്ധതിയ്ക്ക് സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷന്റെ ശീർഷകത്തിൽ നിന്നും തുക അനുവദിക്കുന്നതിന് ഉത്തരവായിട്ടുണ്ട്.<br>4. എൻഡോസൾഫാൻ ദുരിത ബാധിതർക്കായുള്ള പദ്ധതി - പദ്ധതി നടത്തിപ്പിനായുള്ള തുക (10 കോടി) കേരള സാമൂഹ്യ സുരക്ഷാ മിഷന് 2016-17 സാമ്പത്തിക വർഷം കൈമാറിയിട്ടുണ്ട്.<br>5. ആശ്വാസ കിരണം പദ്ധതി - പദ്ധതി നടത്തിപ്പിനായുള്ള തുക (32 കോടി) കേരള സാമൂഹ്യ സുരക്ഷാ മിഷന് 2016-17 സാമ്പത്തിക വർഷം കൈമാറിയിട്ടുണ്ട്.<br>6. സ്നേഹ പൂർവ്വം പദ്ധതി - പദ്ധതി നടത്തിപ്പിനായുള്ള തുക (3.15 കോടി) കേരള സാമൂഹ്യ സുരക്ഷാ മിഷന് 2016-17 സാമ്പത്തിക വർഷം കൈമാറിയിട്ടുണ്ട്.<br>7. വയോമിത്രം പദ്ധതി - പദ്ധതി നടത്തിപ്പിനായുള്ള തുക (9 കോടി) കേരള സാമൂഹ്യ സുരക്ഷാ മിഷന് 2016-17 സാമ്പത്തിക വർഷം കൈമാറിയിട്ടുണ്ട്.<br>8. ഓട്ടിസം, സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യം തുടങ്ങിയവ ബാധിച്ച കുട്ടികൾക്ക് ചികിത്സയും വിദ്യാഭ്യാസവും നൽകുന്ന സ്ഥാപനങ്ങൾക്ക് ഗ്രാന്റ് നൽകുന്ന പദ്ധതി - 2017-18 സാമ്പത്തിക വർഷം പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.<br>9. വയോജനങ്ങളുടെയും ഭിന്നശേഷിക്കാരുടെയും മാനസിക വെല്ലുവിളി |

| | |
|---|---|
| | നേരിടുന്നവരുടെയും മേഖലയിലുള്ള സന്നദ്ധ സംഘടനകൾ നടത്തുന്ന സ്ഥാപനങ്ങൾക്ക് ധനസഹായം - ഇത്തരം പുനരധിവാസത്തിനുള്ള സ്ഥാപനങ്ങൾക്ക് അക്രഡിറ്റേഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>10. അങ്കണവാടി പ്രവർത്തകർക്കുള്ള വർദ്ധിപ്പിച്ച ഓണറേറിയത്തിനുള്ള അധിക ചെലവ് വഹിക്കുമെന്ന പ്രഖ്യാപനം - അധിക ചെലവ് വഹിക്കുന്നതിനായി 144.81 കോടി രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.<br>**<u>2017-18</u>**<br>1. സ്ത്രീകൾക്കു വേണ്ടി പ്രത്യേക വകുപ്പ് രൂപീകരണം - സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള പ്രത്യേക വകുപ്പ് രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.<br>2. ആൺകുട്ടികൾക്കായുള്ള ആഫ്റ്റർ കെയർ ഹോം - ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>3. ഡിസെബിലിറ്റി റിസർച്ച് സെൽ രൂപീകരണം - സെൽ രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലാണ്.<br>4. ബാരിയർ ഫ്രീ പദ്ധതി - പദ്ധതിയ്ക്കായി 15 കോടി വകയിരുത്തിയതിൽ 6,11,20,000/- രൂപ വയനാട് ജില്ലയ്ക്കും 8,88,80,000/- രൂപ മലപ്പുറം ജില്ലയ്ക്കും അനുവദിച്ച് നൽകിയിട്ടുണ്ട്.<br>**<u>കേരള വികലാംഗ ക്ഷേമ കോർപ്പറേഷൻ</u>**<br>**<u>2016-17</u>**<br>1. ഭിന്നശേഷിക്കാർക്ക് ആവശ്യമായ ട്രൈസൈക്കിൾ, വീൽചെയർ, കൃത്രിമകൈകാലുകൾ, വാക്കർ, ക്രച്ചസ്, ശ്രവണസഹായി തുടങ്ങിയ ഉപകരണങ്ങൾ - മെഡിക്കൽ ക്യാമ്പ് നടത്തി വിതരണം ചെയ്തു.<br>2. ഭിന്നശേഷിക്കാർക്ക് പുതിയ സ്കൂട്ടറിൽ സൈഡ് വീൽ ഘടിപ്പിക്കുന്നതിന് 10,000/- രൂപ സബ്സിഡി വിതരണം.<br>3. സ്വയം തൊഴിൽ പദ്ധതി പ്രകാരം ബാങ്ക് ലോൺ സബ്സിഡി ഇനത്തിൽ 5,000/- രൂപ മുതൽ 1,00,000/- രൂപ വരെ വിതരണം.<br>4. ഭിന്നശേഷിക്കാരായ 10 വയസ്സിന് താഴെയുള്ള കുട്ടികളുടെ പേരിൽ സ്ഥിര നിക്ഷേപം ചെയ്യുന്നതിന് നടപടി സ്വീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ കുട്ടികളുടെ പേരിൽ 20,000/- രൂപ വീതം വിതരണം.<br>5. ദേശീയ വികലാംഗ ധനകാര്യ വികസന കോർപ്പറേഷന്റെ വായ്പ പദ്ധതിയുടെ കോർപ്പറേഷന്റെ വിഹിതം വിതരണം ചെയ്യുകയുണ്ടായി. ഈ പദ്ധതി പ്രകാരം വായ്പ എടുത്ത ബി.പി.എൽ വിഭാഗത്തിന് വായ്പാ സബ്സിഡിയും വിതരണം ചെയ്തിട്ടുണ്ട്.<br>6. ഭിന്നശേഷിക്കാരായ വയോജനങ്ങൾക്കുവേണ്ടിയുള്ള വൃദ്ധസദനപരിപാലന പദ്ധതി - പാറശ്ശാലയിൽ പ്രവർത്തിക്കുന്ന വൃദ്ധ സദനത്തിന് 7 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.<br>7. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഭിന്നശേഷിക്കാരാൽ പ്രവർത്തിക്കപ്പെടുന്ന മൈക്രോ പ്രോജക്ടുകൾക്കായി അവരുടെ സ്വയം സഹായസംഘങ്ങൾക്ക് അനുയോജ്യമായ പദ്ധതികൾ തെരഞ്ഞെടുക്കാനും അതാരംഭിക്കാനുമുള്ള സഹായം നൽകുന്ന പദ്ധതി.<br>8. ഭിന്നശേഷി സൗഹൃദ സാങ്കേതിക പ്രദർശനവും പരിശീലനവും.<br>9. ഭിന്നശേഷിക്കാർക്ക് വേണ്ട ഹൈടെക്ക് ലിംബ്, ഇലക്ട്രോണിക് വീൽചെയർ, ലാപ് ടോപ് തുടങ്ങിയ ആധുനിക ഉപകരണ വിതരണം.<br>10. സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ വിതരണം.<br>11. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് വികലാംഗ പുനരധിവാസം സംസ്ഥാന തലത്തിൽ നടപ്പിലാക്കുന്നതിനുള്ള പദ്ധതി |

| | |
|---|---|
| | പുരോഗതിയിലാണ്.<br>**2017-18**<br>സർവ്വീസ് പ്രോവൈഡിംഗ് സെന്ററുകൾ, ഗാർഹിക പീഡനത്തിന് ഇരയായവർക്കുള്ള ഷെൽട്ടർ ഹോമുകൾ എന്നീ പദ്ധതികളുടെ 2017-18 വർഷത്തേയ്ക്കുള്ള തുടർ അനുമതി നൽകുകയും ആദ്യഗഡുവായി ബജറ്റ് തുകയുടെ 50 % തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്.<br><br>**കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ**<br>**2016-17**<br>1. തുടർ പദ്ധതികൾ - അനുമതി നല്കി, 765 ലക്ഷം രൂപ അനുവദിച്ചതിൽ 641.22 ലക്ഷം രൂപ ചെലവഴിച്ചു.<br>2. ഫ്ളാഗ്ഷിപ്പ് പ്രോഗ്രാം ഓൺ ഫിനിഷിംഗ് സ്കൂൾ - 125 ലക്ഷം രൂപ അനുവദിച്ചതിൽ മുഴുവൻ തുകയും ചെലവഴിച്ച് പദ്ധതി പൂർത്തീകരിച്ചു.<br>3. ഫ്ളാഗ്ഷിപ്പ് പ്രോഗ്രാം ഓൺ ജെണ്ടർ അവയർനെസ്സ്- 60 ലക്ഷം രൂപ അനുവദിച്ചു.<br>**2017-18**<br>1. തുടർ പദ്ധതികൾ- 810 ലക്ഷം രൂപ അനുവദിച്ചതിൽ 453.75 ലക്ഷം രൂപ ചെലവഴിച്ചു.<br>2. ഫ്ളാഗ്ഷിപ്പ് പ്രോഗ്രാം ഓൺ ഫിനിഷിംഗ് സ്കൂൾ- 175 ലക്ഷം രൂപ അനുവദിച്ചതിൽ 32.78 ലക്ഷം രൂപ ചെലവഴിച്ചു.<br>3. ഫ്ളാഗ്ഷിപ്പ് പ്രോഗ്രാം ഓൺ ജെണ്ടർ അവയർനെസ്സ്- 100 ലക്ഷം രൂപ അനുവദിച്ചു.<br>4. പ്രധാന പാതയോരങ്ങളിൽ ഫ്രെഷ് അപ്പ് സെന്ററുകൾ സ്ഥാപിക്കുന്നതിന് കോർപ്പറേഷനും കുടുംബശ്രീയും തദ്ദേശസ്വയംഭരണ വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതി- മേൽ പദ്ധതിയ്ക്കായി കേരള ലോട്ടറി വകുപ്പിന്റെ പരസ്യ ചെലവ് ഇനത്തിൽ നിന്നും 10 കോടി രൂപ നീക്കിവച്ചിരിക്കുന്നു.<br><br>**മത്സ്യബന്ധന തുറമുഖ വകുപ്പ്**<br><br>**ഫിഷറീസ് വകുപ്പ്**<br>**2016-17**<br>1. ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യവിത്തുകൾ നിക്ഷേപിക്കുന്നതിന് ആവശ്യമായ ഹാച്ചറികൾക്കും മറ്റും വേണ്ടി 20 കോടി രൂപ വകയിരുത്തുന്നു - പദ്ധതി നടപ്പിലാക്കി.<br>2. പഞ്ഞമാസ സമാശ്വാസ പദ്ധതി 1800 രൂപയിൽ നിന്നും 3600 ആയി ഉയർത്തുന്നു - 1800 ൽ നിന്നും 4500/- രൂപയായി വർദ്ധിപ്പിച്ച് നടപ്പാക്കി.<br>3. കടാശ്വാസത്തിന് 50 കോടി രൂപ വകയിരുത്തുന്നു - അപേക്ഷകൾ പരിശോധിച്ച് കടാശ്വാസം അനുവദിച്ചു.<br>4. CRZ പരിധിയിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് താല്പര്യമുണ്ടെങ്കിൽ നിലവിലുള്ള ഭൂമിയുടെ അവകാശം നിലനിർത്തിക്കൊണ്ടുതന്നെ സുരക്ഷിത മേഖലയിലേക്ക് താമസിക്കുന്നതിന് 10 ലക്ഷം രൂപ വീതം ധനസഹായം നൽകും - ഇത്തരത്തിലുള്ള കുടുംബങ്ങൾക്ക് 10 ലക്ഷം രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്നതിന് പദ്ധതി തയ്യാറാക്കി നടപ്പാക്കി വരുന്നു.<br>5. കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ടവരെ നടപ്പുവർഷം പുനരധിവസിപ്പിക്കുന്നതിനുവേണ്ടി 25 കോടി രൂപ വകയിരുത്തുന്നു - പദ്ധതി നടപ്പിലാക്കി വരുന്നു.<br>6. മത്സ്യത്തൊഴിലാളികളുടെ പാർപ്പിട നിർമ്മാണത്തിന് 100 കോടി രൂപ വകയിരുത്തുന്നു- പദ്ധതി നടപ്പിലാക്കി വരുന്നു. |

| | |
|---|---|
| | 7. അടിസ്ഥാന സൗകര്യങ്ങൾക്ക് 78 കോടി രൂപ വകയിരുത്തുന്നു - തീരദേശത്തെ വിദ്യാലയങ്ങൾ, ആശുപത്രികൾ, ഗ്രൗണ്ടുകൾ, നടപ്പാതകൾ, ഹാച്ചറുകൾ തുടങ്ങിയവയുടെ വികസന പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നു.<br>8. സൂക്ഷ്മ തൊഴിൽ സംരംഭങ്ങൾക്ക് 5 കോടി രൂപ വകയിരുത്തുന്നു - മത്സ്യത്തൊഴിലാളി വനിതകൾക്ക് സൂക്ഷ്മ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു.<br>9. ആഴക്കടൽ മത്സ്യബന്ധനത്തിനുള്ള യാനങ്ങളും പരിശീലനങ്ങളും നൽകുന്നതിന് 10 കോടി രൂപ അനുവദിക്കുന്നു - പദ്ധതി തയ്യാറാക്കി കേന്ദ്രത്തിന് സമർപ്പിച്ചെങ്കിലും അംഗീകാരം ലഭിച്ചില്ല.<br>**2017-18**<br>1. കടൽവിഭവശോഷണത്തിന് എതിരെയുള്ള ഇടപെടലുകൾക്ക് 5 കോടി വകയിരുത്തി- പദ്ധതി നടപ്പാക്കി വരുന്നു.<br>2. ഉൾനാടൻ മത്സ്യമേഖലയ്ക്ക് 49 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കായൽ അലങ്കാര മത്സ്യകൃഷി പദ്ധതി പുനരുദ്ധരിക്കും- പദ്ധതി നടപ്പാക്കി വരുന്നു.<br>3. പഞ്ഞമാസ സമാശ്വാസ പദ്ധതി 3600 രൂപ വീതം ഉറപ്പുവരുത്തുന്നതിന് ആവശ്യമായ അധിക പണം അനുവദിക്കും - 4500/- രൂപയായി വർദ്ധിപ്പിച്ച് നടപ്പാക്കി വരുന്നു.<br>4. മത്സ്യത്തൊഴിലാളികളുടെ ഇൻഷ്വറൻസ് നഷ്ടപരിഹാര തുക മരിക്കുന്നവർക്കും കാണാതാകുന്നവർക്കും 10 ലക്ഷം രൂപയായും തൊഴിൽ നഷ്ടപ്പെടുന്നവർക്ക് 5 ലക്ഷം രൂപയായും ഉയർത്തുന്നു - പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു.<br>5. അനുബന്ധത്തൊഴിലാളികൾക്കും ഇൻഷ്വറൻസ് നൽകുന്നതാണ് - പദ്ധതി നടപ്പാക്കി വരുന്നു.<br>6. മത്സ്യബന്ധനോപകരണങ്ങൾക്കും ഇൻഷ്വറൻസ് നൽകുന്നതാണ് - പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു.<br>7. മറൈൻ ആംബുലൻസിനായി 2 കോടി രൂപ വകയിരുത്തുന്നു - കൊച്ചിൻ ഷിപ്പ് യാർഡുമായി ചർച്ചകൾ നടത്തിവരുന്നു.<br>8. മണ്ണെണ്ണ സബ്സിഡിക്കായി 25 കോടി രൂപ വകയിരുത്തുന്നു - ധനസഹായം അനുവദിച്ച് വരുന്നു.<br>9. കേന്ദ്രസർക്കാരിന്റെ ബ്ലൂ റവല്യൂഷൻ സ്കീമിൽ സംസ്ഥാന വിഹിതമടക്കം 40 കോടി രൂപയുണ്ട്. ഇത് മുഖ്യമായും മത്സ്യകൃഷിക്കും മൂല്യവർദ്ധന പ്രവർത്തനങ്ങൾക്കും വേണ്ടിയുള്ളതാണ് - കേന്ദ്ര സർക്കാരിന്റെ അനുമതിയ്ക്ക് വിധേയമായി തുക ചെലവഴിച്ച് പദ്ധതി നടപ്പാക്കി വരുന്നു.<br>10. തീരദേശ വികസനത്തിന് 216 കോടി രൂപ പ്രത്യേകമായി അനുവദിച്ചിട്ടുണ്ട്. 24851 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ കടൽ തീരത്ത് നിന്ന് 50 മീറ്റർ ദൂരത്തിനുള്ളിലാണ് താമസിക്കുന്നത്. ഇവരിൽ ഒരു വിഭാഗം അതീവ അപകട മേഖലയിലാണ്. ഇവരുടെ പുനരധിവാസത്തിനുവേണ്ടി 150 കോടി രൂപ വകയിരുത്തുന്നു. തീരത്തു ജൈവസംരക്ഷണ ഭിത്തി സൃഷ്ടിക്കുവാൻ ഇതു സഹായിക്കും. തീരദേശത്തെ റോഡ് ഒഴികെയുള്ള മറ്റു വികസന പരിപാടികൾക്ക് 56 കോടി രൂപ വകയിരുത്തുന്നു - തീരദേശ വേലിയേറ്റ മേഖലയിൽ നിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്നവരെ മാറ്റി പാർപ്പിക്കുന്നതിന് പദ്ധതി തയ്യാറാക്കുകയും നടപ്പാക്കുകയും ചെയ്തു വരുന്നു. ഇത്തരം പുനരധിവാസം വഴി തീരത്ത് ലഭ്യമാകുന്ന സ്ഥലത്ത് ജൈവഭിത്തി സൃഷ്ടിക്കുവാൻ ഇത് സഹായിക്കും. കൂടാതെ തീരദേശത്തെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള പദ്ധതികളും വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതികളും നടപ്പാക്കി വരുന്നു.<br>11. 20 കോടി രൂപ നബാർഡിന്റെ ധനസഹായമായി ഉണ്ടാകും. നബാർഡ് ധനസഹായം പ്രയോജനപ്പെടുത്തി പദ്ധതികൾ നടപ്പാക്കി വരുന്നു. |

| | |
|---|---|
| | 12. വിഴിഞ്ഞം ഹാർബർ നിർമ്മാണവുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന പുനരധിവാസത്തിന് മുൻഗണന നൽകും. ആവശ്യമായ പണം അധികമായി അനുവദിക്കുന്നതാണ് - പ്രവൃത്തി നടന്നുവരുന്നു.<br>13. മത്സ്യത്തൊഴിലാളി ക്ഷേമനിധി അംഗങ്ങളുടെ റിട്ടയർമെന്റ് ആനുകൂല്യം നൽകുന്നതിനുവേണ്ടി 50 കോടി രൂപ അനുവദിക്കുന്നു - തുക ലഭ്യമാക്കി പെൻഷൻ അനുവദിച്ചു വരുന്നു.<br><br>**<u>തുറമുഖ വകുപ്പ്</u>**<br>**<u>2016-2017</u>**<br>1. അഴീക്കൽ തുറമുഖ വികസനം സർക്കാരിന്റെ പ്രത്യേക നിക്ഷേപ പദ്ധതിയായ കിഫ്ബിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കുക - അഴീക്കൽ തുറമുഖ വികസനം സർക്കാരിന്റെ പ്രത്യേക നിക്ഷേപ പദ്ധതിയായ കിഫ്ബിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്നതിനായി 496 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അഴീക്കൽ തുറമുഖ വികസനത്തിനായി ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) രൂപീകരിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി. പ്രോജക്ട് കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുന്നതിനുള്ള ടെൻഡർ നടപടി പൂർത്തിയായി വരുന്നു.<br>2. ആലപ്പുഴ മറീന കിഫ്ബിയുടെ ധനസഹായത്തോടെ വികസിപ്പിക്കുക - കിഫ്ബി ഫണ്ട് ഉപയോഗിച്ച് ആലപ്പുഴ മറീന വികസിപ്പിക്കുന്നതിനായി പുതുക്കിയ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് KITCO യെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. ഇതിനായുള്ള പരിസ്ഥിതി ആഘാത പഠനം നടത്തി വരുന്നു.<br>**<u>2017-2018</u>**<br>കോവളം കന്യാകുമാരി യാത്രാ കപ്പൽ സർവ്വീസ് - കോവളം കന്യാകുമാരി യാത്രാ കപ്പൽ സർവ്വീസ് നടത്തുന്നതിനുള്ള സാധ്യതാ പഠനം നടത്തുന്നതിനായി നാറ്റ്പാക്കിനെ (NATPAC) ചുമതലപ്പെടുത്തിയിരിക്കുകയാണ്.<br><br>**<u>ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്</u>**<br>**<u>2017-2018</u>**<br>ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ നവീകരണത്തിന് 11 കോടി രൂപ വകയിരുത്തുന്നു - "5051-80-001-98—മോഡണൈസേഷൻ, റിസർച്ച് ആന്റ് ഡെവലപ് മെന്റ് ഓഫ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്" എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി പോർട്ട് മേഖലയിലെ 296.53 ലക്ഷം രൂപ ചെലവു വരുന്ന 54 പ്രവൃത്തികൾക്ക് ദർഘാസ് ക്ഷണിച്ച് പണി ഏർപ്പാടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 1513.56 ലക്ഷം രൂപയുടെ 14 പ്രവൃത്തികൾക്ക് ഭരണാനുമതി നല്കി തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>**<u>പുരാവസ്തു വകുപ്പ്</u>**<br>**<u>2016-17</u>**<br>മലപ്പുറം ജില്ലയുടെ ചരിത്ര പശ്ചാത്തലം കണക്കിലെടുത്തു പൈതൃക മ്യൂസിയം സ്ഥാപിക്കുക - ഇതിന് 4 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ ജില്ലാ പൈതൃക മ്യൂസിയമായി സജ്ജീകരിക്കേണ്ട പഴയ ഹജ്ജൂർ കച്ചേരി കെട്ടിടത്തിൽ തിരൂരങ്ങാടി താലൂക്ക് ഓഫീസ് പ്രവർത്തിക്കുന്നത് കാരണം മ്യൂസിയം സജ്ജീകരണ പ്രവർത്തനങ്ങൾ തുടങ്ങാൻ സാധിച്ചിരുന്നില്ല.<br>**<u>2017-18</u>**<br>ദീർഘകാലാടിസ്ഥാനത്തിൽ ഉള്ള സമഗ്ര വികസന പദ്ധതി - 50 ലക്ഷം രൂപ വകയിരുത്തിയതു പ്രകാരം പ്രത്യേക ശീർഷകത്തിൽ വകുപ്പിന് തുക അനുവദിക്കുകയും ആയത് പ്രകാരം വകുപ്പിന്റെ സമഗ്ര വികസനം ലക്ഷ്യം വച്ച് |

വകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഒരു രൂപരേഖ തയ്യാറാക്കുന്നതിന് വിദഗ്ധ സമിതി രൂപീകരിക്കുകയും തുടർ നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്. മേൽ വിഷയത്തിലേയ്ക്കായി രൂപീകരിച്ച വിദഗ്ധ സമിതി സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ച് നിർദ്ദേശം നൽകിയതുപ്രകാരം ഒരു ഉപദേശക സമിതി രൂപീകരിച്ച് ഉത്തരവായി.

**ഭക്ഷ്യപൊതുവിതരണ വകുപ്പ്**

**2016-17**

1. സൗജന്യ റേഷൻ പദ്ധതി വിപുലീകരിക്കുക. തൊഴിലുറപ്പ് തൊഴിലാളി കുടുംബങ്ങളിൽ മഹാഭൂരിപക്ഷത്തെയും സൗജന്യ റേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുക - 300 കോടി രൂപ അധികമായി വകയിരുത്തി. എൻ.എഫ്.എസ്.എ 2013 ൽ ഉൾപ്പെടുന്ന 1.54 ലക്ഷം പേരെ കൂടാതെ സംസ്ഥാന സർക്കാർ സബ്സിഡി നൽകി 1.21 ലക്ഷം പേർക്കു കൂടി 2 രൂപ നിരക്കിൽ സാധനങ്ങൾ വിതരണം ചെയ്തു വരുന്നു.

2. റേഷൻ കടകൾ നവീകരിക്കുന്നതിനും മറ്റു പലചരക്കുകൾ കൂടി വിൽക്കുന്ന കടകളായി അവയെ രൂപാന്തരപ്പെടുന്നതിനും കെ.എസ്.എഫ്.ഇ വഴി പലിശരഹിത വായ്പ ലഭ്യമാക്കുക - എ.ആർ.ഡി സംഘടനാ പ്രതിനിധികൾ, കെ.എസ്.എഫ്.ഇ ഉദ്യോഗസ്ഥർ എന്നിവരെ പങ്കെടുപ്പിച്ച് കൊണ്ട് സിവിൽ സപ്ലൈസ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ യോഗം വിളിക്കുകയുണ്ടായി.

**2017-18**

1. റേഷൻ കടകളിൽ ബയോമെട്രിക് ഉപകരണങ്ങളും കമ്പ്യൂട്ടറൈസേഷനും പൂർത്തിയാകുന്നതോടെ ചോർച്ച ഒഴിവാക്കി പരാതികൾ കുറയ്ക്കുന്നതിനായി 117 കോടി രൂപ വകയിരുത്തി - എൻ.എഫ്.എസ്.എ 2013 നടപ്പാക്കുന്നതിനായി ആകെ വകയിരുത്തിയിട്ടുള്ള 117 കോടി രൂപയിൽ 108.17 കോടി രൂപയ്ക്കുള്ള ഭരണാനുമതി ലഭിക്കുകയും 12.89 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

2. റേഷൻ വ്യാപാരികളുടെ കമ്മീഷനും ഹാൻഡിലിംഗ് ചാർജ്ജുകളും വർദ്ധിപ്പിക്കുന്നതിന് 100 കോടി രൂപ വകയിരുത്തി.- ദേശീയ ഭക്ഷ്യഭദ്രതാ നിയമം 2013 അനുശാസിക്കുന്ന രീതിയിലുള്ള വാതിൽപ്പടി വിതരണം സംസ്ഥാനത്ത് ആരംഭിച്ചപ്പോൾ ഡീലേഴ്സ് മാർജിൻ നൽകുന്നതിനായി ഒരു സമിതിയെ രൂപീകരിക്കുകയും ടി സമിതി നിർദ്ദേശങ്ങൾ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നതിൻ പ്രകാരം മിനിമം 16000/- രൂപ ആയി നിശ്ചയിച്ച് പാക്കേജ് തത്വത്തിൽ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

**ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗ്**

**2016-2017**

നടപ്പിലാക്കാൻ സാധിച്ചവ - തീരദേശ ഡിജിറ്റലൈസേഷൻ സർവ്വേ, ബഡ്ജറ്റിൽ തുക അനുവദിച്ച മുനമ്പം ഓഫീസ് നിർമ്മാണം, കൊല്ലം മറൈൻ സർവ്വേയർ ഓഫീസ് നവീകരണം, ബേപ്പൂർ മറൈൻ സർവ്വേയർ ഓഫീസ് കാർഷെഡ് നിർമ്മാണം.

നടപ്പിലാക്കാൻ സാധിക്കാത്തവ- നീണ്ടകര അസിസ്റ്റന്റ് മറൈൻ സർവ്വേയർ ഓഫീസ് നവീകരണം, വെസലുകളുടെ നവീകരണം

**2017-18**

നടപ്പിലാക്കാൻ സാധിച്ചവ- കൊച്ചി വാട്ടർ മെട്രോയുടെ ഹൈഡ്രോഗ്രാഫിക് സർവ്വേ ഉൾപ്പെടെയുള്ള സർവ്വേ ജോലികൾ, ഹൈഡ്രോഗ്രാഫിക് സർവ്വേ ഇൻസ്റ്റിറ്റ്യൂട്ടിന് ആവശ്യമായ സോഫ്റ്റ് വെയർ വാങ്ങുന്നതിനുള്ള നടപടി സ്വീകരിക്കൽ, സർവ്വേ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ, സർവ്വേ ബോട്ട് വാങ്ങുന്നതിന് നടപടികൾ.

നടപ്പിലാക്കാൻ സാധിക്കാത്തവ - ക്വാർട്ടേഴ്സുകളുടെ നവീകരണം,

ഹൈഡ്രോഗ്രാഫിക് സർവ്വേ ഇൻസ്റ്റിറ്റ്യൂട്ട് കെട്ടിട നിർമ്മാണം.

**<u>വിദ്യാഭ്യാസ വകുപ്പ്</u>**

**<u>പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ്</u>**

1. ഹയർ സെക്കന്ററി സ്കൂളുകളുടെ അടിസ്ഥാന വികസനം - പദ്ധതി നടപ്പിലാക്കി.
2. ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് - പദ്ധതി നടപ്പിലാക്കി.
3. ഹയർ സെക്കന്ററി സ്കൂൾതലത്തിൽ അധ്യാപനം മെച്ചപ്പെടുത്തൽ പരിപാടി - പദ്ധതി നടപ്പിലാക്കി.
4. വിദ്യാർത്ഥികേന്ദ്രീകൃത പരിപാടികൾ - പദ്ധതി നടപ്പിലാക്കി.
5. ഹയർ സെക്കന്ററി വകുപ്പിന്റെ നവീകരണം - പദ്ധതി നടപ്പിലാക്കി.
6. നബാർഡിന്റെ സഹായത്തോടുകൂടി ഹയർ സെക്കന്ററി സ്കൂളുകളിൽ ബഹുനിലകെട്ടിടങ്ങളുടെ നിർമ്മാണം - നിർമ്മാണ പ്രവൃത്തി പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

**<u>കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ്</u>**

**<u>2016-17</u>**

1. കേരളത്തിലെ 52 സർക്കാർ ആർട്സ് & സയൻസ് കോളേജുകളിൽ അടിസ്ഥാനസൗകര്യങ്ങൾ 2 വർഷം കൊണ്ട് സൃഷ്ടിക്കുന്ന പദ്ധതി - 500 കോടി രൂപ അനുവദിച്ചു.
2. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ്, എറണാകുളം മഹാരാജാസ് കോളേജ്, പാലക്കാട് വിക്ടോറിയ കോളേജ്, തലശ്ശേരി ബ്രണ്ണൻ കോളേജ് എന്നിവയെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്ന പദ്ധതി - ഈ പദ്ധതികളുടെ നടത്തിപ്പിനായി കിറ്റ്കോ, ടെക്നിക്കൽ എഡ്യൂക്കേഷൻ ടീം എന്നിവരെ കോളേജുകളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി സർക്കാർ തലത്തിൽ നിയമിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 5 സർക്കാർ കോളേജുകൾക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്. 12 കോളേജുകളുടെ മാസ്റ്റർ പ്ലാൻ/ഡിപിആർ കിഫ്ബിയിലേക്ക് അപ്ലോഡ് ചെയ്യുന്നതിനുള്ള ഭരണാനുമതി കിറ്റ്കോ യ്ക്കും നൽകിയിട്ടുണ്ട്.

**<u>2017-18</u>**

1. ഉന്നതതല വിദ്യാഭ്യാസ രംഗത്തെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി ജില്ലാതല ക്വാളിറ്റി അഷ്വറൻസ് സെല്ലുകളുടെ രൂപീകരണം - ഭരണാനുമതി ലഭിച്ചിട്ടുണ്ട്.
2. 5 പൈതൃക കോളേജുകൾ ഉൾപ്പെടെ സർക്കാരിന്റെ 52 ആർട്സ് & സയൻസ് കോളേജുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ - ഭരണാനുമതി ലഭിച്ചിട്ടുണ്ട്.
3. കൈരളി റിസർച്ച് അവാർഡ് - പദ്ധതി നടത്തിപ്പ് നടപടികൾ പുരോഗമിച്ചു വരുന്നു.

**<u>വിനോദ സഞ്ചാര വകുപ്പ്</u>**

**<u>2016-17</u>**

1. കേരളത്തിൽ വരുന്ന വിദേശ വിനോദ സഞ്ചാരികളുടെ എണ്ണം ഇരട്ടി ആക്കുന്നതിനും ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണം നാലിലൊന്നെങ്കിലും വർദ്ധിപ്പിക്കുന്നതിനും ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളിൽ സ്വകാര്യ നിക്ഷേപങ്ങളും അടിസ്ഥാന സൗകര്യങ്ങളും ഉറപ്പുവരുത്തൽ - വിവിധ ടൂറിസം പദ്ധതികളിലൂടെയും ഉത്തര മലബാർ മേഖലയിലെ ബാക്ക് വാട്ടർ ടൂറിസം സാധ്യതകൾ ഉൾപ്പെടുള്ള മറ്റ് മേഖലകളിലെ ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തി ആഭ്യന്തര വിദേശ ടൂറിസം മേളകളിൽ പങ്കെടുത്തും,

സംഘടിപ്പിച്ചും കൂടുതൽ പ്രചാരണം നടത്തിയും ടൂറിസ്റ്റുകളുടെ എണ്ണം പരമാവധി വർദ്ധിപ്പിക്കുന്നു. ടൂറിസം വകുപ്പിന്റെ തന്നെ റെസ്പോൺസിബിൾ ടൂറിസം, ഗ്രീൻ കാർപ്പറ്റ് തുടങ്ങിയ പദ്ധതികൾ കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിച്ചുകൊണ്ടിരിക്കുന്നു.

2. ധർമ്മടം മുഴപ്പിലങ്ങാടി, കണ്ണൂർകോട്ട, അറക്കൽ കൊട്ടാരം, കാരാപ്പുഴ വയനാട് ടൂറിസം ഹബ്ബ്, ചെത്തി മാരാരിക്കുളം, തൃശ്ശൂർ, ഗുരുവായൂർ പാലിയൂർ സർക്യൂട്ട്, വേളി ടൂറിസ്റ്റ് വില്ലേജ് രണ്ടാം ഘട്ടം, ആക്കുളം, പൊന്നാനി തുടങ്ങി 20 ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളിലെ റോഡ്, ജലഗതാഗത സൗകര്യങ്ങൾ, വൈദ്യുതി, കുടിവെള്ളം, വേസൈഡ് അമിനിറ്റീസ് തുടങ്ങിയ അടിസ്ഥാന സൗകര്യ വികസനത്തിനായി 400 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽ വകയിരുത്തുന്നു - ഇതിനായുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലാണ്. കിഫ്ബി പദ്ധതികളുടെ തത്വാധിഷ്ഠിത ഭരണാനുമതി ലഭിക്കുന്നതിനായി 8 പ്രൊപ്പോസലുകൾ സമർപ്പിച്ചതിൽ 7 എണ്ണത്തിന് അനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ 2 പദ്ധതി പ്രൊപ്പോസലുകൾ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്.

3. പ്രത്യേക ഹെറിറ്റേജ് ടൂറിസം പദ്ധതി; തലശ്ശേരി, ആലപ്പുഴ - ആലപ്പുഴയിൽ പൈതൃക ഹെറിറ്റേജ് ടൂറിസം നടത്തുന്നതിനായുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നു. ഈ പദ്ധതിയുടെ പ്രാരംഭ നടപടി എന്ന നിലയിൽ യോഗ്യതയുള്ള ഒരു കൺസർവേഷൻ കൺസൾട്ടന്റിനെ തെരഞ്ഞെടുത്തിട്ടുണ്ട്. തലശ്ശേരി പൈതൃക ഹെറിറ്റേജ് ടൂറിസം നടത്തുന്നതിനായി ഡിപിആർ തയ്യാറാക്കുകയും മേൽ നോട്ടത്തിനായി ഒരു സ്പെഷ്യൽ ഓഫീസറെ വകുപ്പിൽ നിന്നും നിയമിക്കുകയും ചെയ്തിട്ടുണ്ട്.

4. പൊൻമുടിയിലെ റോപ്പ് വേ നിർമ്മാണവും അടിസ്ഥാന സൗകര്യ വികസനവും - പൊൻമുടി റോപ്പ് വേ നിർമ്മിക്കുന്നതിന് കൺസൾട്ടന്റിൽ നിന്നും EOI ക്ഷണിച്ചിട്ടുണ്ട്. പൊൻമുടിയുടെ വികസനത്തിനുള്ള കരട് മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ള അടിസ്ഥാന സൗകര്യ വികസനത്തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

5. 10 കേന്ദ്രങ്ങളെ പൈതൃക ഗ്രാമങ്ങളായി വികസിപ്പിക്കുന്നതിനുള്ള പദ്ധതി - നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഗ്രാമങ്ങളിൽ സാമൂഹിക സാമ്പത്തിക പഠനം അനിവാര്യമാണ്.

6. അന്തർദേശീയ സ്പൈസ് റൂട്ട് പദ്ധതി - രാജ്യങ്ങളുമായുള്ള കേരളത്തിന്റെ പരമ്പരാഗത ബന്ധങ്ങളെ പുനശാക്തീകരിക്കാൻ അന്താരാഷ്ട്ര കളിനറി ഫെസ്റ്റിവൽ 2016 സെപ്റ്റംബർ 23 മുതൽ 26 വരെ കൊച്ചിയിൽ സംഘടിപ്പിക്കുകയുണ്ടായി.

7. ടൂറിസം വികസനം ലക്ഷ്യമിട്ട് എയർ സ്ട്രിപ്പുകൾ സ്ഥാപിക്കുന്ന പദ്ധതി - ബേക്കലിൽ പുല്ലൂർ പഞ്ചായത്തിലെ കനിയംകുണ്ട് എന്ന സ്ഥലത്ത് എയർ സ്ട്രിപ്പുകൾ സ്ഥാപിക്കുന്നതിനായി തത്വത്തിൽ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. വയനാട്ടിൽ കാരാപ്പുഴയിലും വൈത്തിരിയിലും എയർ സ്ട്രിപ്പ് സ്ഥാപിക്കുന്നതിന് സ്ഥലം ലഭ്യമാക്കാൻ വേണ്ട അനുമതിയ്ക്കായി M/s. KTIL നെ ചുമതലപ്പെടുത്തി. ഇടുക്കിയിൽ എയർ സ്ട്രിപ്പുകൾ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്.

8. ശബരിമല മാസ്റ്റർ പ്ലാൻ - കേന്ദ്ര ടൂറിസത്തിന്റെ സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെടുത്തി സ്പിരിച്വൽ ടൂറിസത്തിന്റെ ഭാഗമായി ശബരിമല വികസനം, ശ്രീപത്മനാഭ, ആറൻമുള വികസനം എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഇതിനായി കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ട്.

9. കണ്ണൂർ വിമാനത്താവളത്തോട് ബന്ധപ്പെട്ടുള്ള റോഡ് വികസനം ഒറ്റ പാക്കേജായി നടപ്പിലാക്കുന്നതാണ് - കണ്ണൂർ PWD യുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

**2017-18**

1. മാർക്കറ്റിംഗിനായി 75 കോടി രൂപ - കേരളത്തിന്റെ വിപണന സാധ്യതകൾ ഫലപ്രദമായി നടപ്പിലാക്കി സഞ്ചാരികളെ കൂടുതൽ കേരളത്തിലേയ്ക്ക് എത്തിക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

2. നിശാഗന്ധി ഡാൻസ് ആൻഡ് മ്യൂസിക് ഫെസ്റ്റിവൽ, ഓണാഘോഷം, ട്രൈബൽ ഡാൻസ് ഫെസ്റ്റിവൽ, പൂരം, തെയ്യം, ഉത്സവങ്ങൾ, വള്ളംകളി മത്സരങ്ങൾ തുടങ്ങിയവ പ്രോത്സാഹിപ്പിക്കുന്നതിനും പ്രചാരം നൽകുന്നതിനും 15 കോടി രൂപ വകയിരുത്തുന്നു. ചുണ്ടൻ വള്ളങ്ങൾക്ക് ധനസഹായം നൽകുന്നതിനും വള്ളംകളി പ്രോത്സാഹനത്തിനും വേണ്ടി 5 കോടി രൂപ അധികമായി വകയിരുത്തുന്നു - നിശാഗന്ധി, ഉത്സവം, ഓണാഘോഷം തുടങ്ങി വകുപ്പ് നേരിട്ട് സംഘടിപ്പിക്കുന്ന പരിപാടികൾ മെച്ചപ്പെട്ട രീതിയിൽ സംഘടിപ്പിക്കുന്നതാണ്. കേരളത്തിലെ ജലോത്സവങ്ങൾക്ക് മികച്ച പ്രോത്സാഹനം നൽകുന്ന രീതിയിൽ ചുണ്ടൻ വള്ളങ്ങൾക്ക് ഉൾപ്പെടെ ധനസഹായം നൽകുവാനുള്ള നടപടികൾ ആവിഷ്കരിക്കുന്നതാണ്.

3. കേരള ടൂറിസം ഡെവലപ്മെൻറ് കോർപ്പറേഷനടക്കം വിവിധ ടൂറിസം സ്ഥാപനങ്ങൾക്ക് 22 കോടി രൂപ വകയിരുത്തുന്നു. ഡി റ്റി പി സികൾക്ക് 12 കോടി രൂപ വകയിരുത്തുന്നു. ടൂറിസം ഗസ്റ്റ്ഹൗസുകളുടെ അപ്ഗ്രേഡേഷനും ഗുരുവായൂർ, തിരുവനന്തപുരം, സുൽത്താൻബത്തേരി, പീരുമേട്,കോഴിക്കോട്, പൊൻമുടി, മൂന്നാർ എന്നിവിടങ്ങളിൽ പുതിയ ബ്ലോക്കുകൾ നിർമ്മിക്കുന്നതിനും 31 കോടി രൂപ വകയിരുത്തുന്നു - KTIL, BRDC, KTDC എന്നീ സ്ഥാപനങ്ങൾക്കും ടൂറിസം രംഗത്ത് മാനവ വിഭവശേഷി വികസനത്തിനായി പ്രവർത്തിക്കുന്ന KITTS, FCI, SIHM എന്നീ സ്ഥാപനങ്ങൾക്കും ഉൾപ്പെടെയാണ് തുക വകയിരുത്തിയിരിക്കുന്നത്. സുൽത്താൻബത്തേരി, പീരുമേട്, കോഴിക്കോട്, പൊൻമുടി, മൂന്നാർ എന്നിവിടങ്ങളിൽ പുതിയ ബ്ലോക്കിന്റെ നിർമ്മാണം നടന്നു വരുന്നു. ഗുരുവായൂർ, തിരുവനന്തപുരം എന്നിവിടങ്ങളിൽ പുതിയ കെട്ടിട നിർമ്മാണത്തിന്റെ പ്രാരംഭ നടപടികൾ ആരംഭിച്ചു.

4. ടൂറിസം പ്രോജക്ടുകൾ - മുസിരിസ് ഹെറിറ്റേജ് പ്രോജക്ട്, തലശ്ശേരി, ആലപ്പുഴ സ്പൈസ് റൂട്ട് പ്രോജക്ടുകൾ. ആലപ്പുഴയിലെ ആദ്യത്തെ രണ്ട് മ്യൂസിയങ്ങൾ - തോമസ് നോർട്ടൺ സ്മാരകം, കയർ മ്യൂസിയം. തലശ്ശേരി ജില്ലാ കോടതി പൈതൃക സംരക്ഷണ ശൃംഖലയിൽ ഏറ്റെടുക്കൽ - ഇതിനായുള്ള ശാസ്ത്രീയമായ പഠനവും അതിന്റെ അടിസ്ഥാനത്തിലുള്ള വിശദമായ പദ്ധതി രേഖകളും തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു.

5. കോവളം, കുമരകം, തേക്കടി, മൂന്നാർ, ഫോർട്ട് കൊച്ചി, അതിരപ്പള്ളി, വയനാട്, വർക്കല, നെയ്യാർ, അഷ്ടമുടി, തെന്മല, ശബരിമല, വേമ്പനാട്, വാഗമൺ, ചെറായി, പീച്ചി, ഗുരുവായൂർ, മലമ്പുഴ, നെല്ലിയാമ്പതി, നിള, നിലമ്പൂർ, കാപ്പാട്, ഇരിങ്ങൽ, തുഷാരഗിരി എന്നിവയുടെയും മറ്റു ചെറുകിട ഡെസ്റ്റിനേഷനുകളുടെയും പശ്ചാത്തല സൗകര്യവികസനം, പാതിരാമണൽ ഇക്കോടൂറിസം പദ്ധതി പുനരുജ്ജീവിപ്പിക്കൽ, മലബാറിലെ കായലുകളും നദികളും കൂട്ടിയിണക്കി ടൂറിസം വികസനത്തിന് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ - ഇതിനായുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലാണ്. കിഫ്ബി പദ്ധതികളുടെ തത്വാധിഷ്ഠിത ഭരണാനുമതി ലഭിക്കുന്നതിനായി 8 പ്രൊപ്പോസലുകൾ സമർപ്പിച്ചതിൽ 7 എണ്ണത്തിന് അനുമതി നൽകി. ഇതിൽ 2 പദ്ധതി പ്രൊപ്പോസലുകൾ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. മറ്റുള്ളവ പ്രാരംഭഘട്ടത്തിലാണ്.

**സാംസ്കാരിക വകുപ്പ്**

**2016-17**

1. നവോത്ഥാന സാംസ്കാരിക സമുച്ചയം - ഡിപിആർ തയ്യാറാക്കുന്നതിന് M/s

| | |
|---|---|
| | PWC യെ തിരഞ്ഞെടുക്കുകയും ആയത് സർക്കാർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.<br>2. ഫിലിം ഫെസ്റ്റിവലിന് സ്ഥിരം വേദി- ഡിപിആർ തയ്യാറാക്കുന്നതിന് M/s PWC യെ തിരഞ്ഞെടുക്കുകയും ആയത് സർക്കാർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.<br>3. കലാകാര പെൻഷൻ - 1500 രൂപയായി വർദ്ധിപ്പിച്ചു.<br>4. കേരള സാഹിത്യ അക്കാദമി - 50% അധിക തുക അനുവദിച്ചിട്ടില്ല.<br>5.കേരള സംഗീത നാടക അക്കാദമി - 50% അധിക തുക അനുവദിച്ചു നൽകിയിട്ടുണ്ട്.<br>6. കേരള ഫോക് ലോർ അക്കാദമി- 50% അധിക തുക അനുവദിച്ചിട്ടില്ല.<br>7. വൈക്കം സത്യാഗ്രഹം ചരിത്രമ്യൂസിയം-ഫണ്ട് നൽകി<br>8. എം.ഡി രാമനാഥൻ സ്മാരകം, കണ്ണമ്പ്ര - ഉത്തരവ് പുറപ്പെടുവിച്ചു.<br>9. കലാഭവൻ മണി സ്മാരകം, ചാലക്കുടി - ഭരണാനുമതി നൽകി. നടപടികൾ തുടരുന്നു.<br>10. പുന്നപ്ര- വയലാർ സ്മാരകം, വലിയ ചുടുകാട്- പൊതുഭരണ വകുപ്പിന് നിർദ്ദേശം നല്കി.<br>11. കയ്യൂർ സമരം, കാസർഗോഡ്- പൊതുഭരണ വകുപ്പിന് നിർദ്ദേശം നല്കി.<br>12. സഹോദരൻ മെമ്മോറിയൽ, ചെറായി- ഫണ്ട് നൽകി<br>13. ഫെഡറേഷൻ ഓഫ് ഫിലിം സൊസൈറ്റീസ്- ഫണ്ട് നൽകി<br>14. കോസ്റ്റൽ ഫോക് അക്കാദമി, കൃപാസനം- ഫണ്ട് നൽകി<br>15. മാടായി കാവിലെ ക്ഷേത്രകലാ അക്കാദമി- ഉത്തരവ് പുറപ്പെടുവിച്ചു<br>16.ചെമ്പഴന്തി ഗുരുകുലം- ഫണ്ട് നൽകി<br>17. പൂരക്കളി അക്കാദമി, പയ്യന്നൂർ - ഫണ്ട് അനുവദിച്ചിട്ടുണ്ട്.<br>18. ഫോക് ലോർ വില്ലേജ്, കൊടക്കാട്- ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>19. കിളിമാനൂർ ചിത്രകല ഇൻസ്റ്റിറ്റ്യൂട്ട്- ഫണ്ട് നൽകി<br>20. മൂലൂർ മെമ്മോറിയൽ, ഇലവുംതിട്ട - ഫണ്ട് നൽകി<br>21. ഒടുവിൽ ഉണ്ണികൃഷ്ണൻ മെമ്മോറിയൽ, കേരളശ്ശേരി- ഫണ്ട് നൽകി<br>22. എ.എസ്.എൻ നമ്പീശൻ കലാ കേന്ദ്രം- പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പിന് നിർദ്ദേശം നൽകി.<br>23. ഗാന്ധി മ്യൂസിയം & ലൈബ്രറി, തൈക്കാട്- ഫണ്ട് നൽകി<br>24. എ.ആർ രാജരാജവർമ്മ സ്മാരകം & നരേന്ദ്രപ്രസാദ് മെമ്മോറിയൽ മാവേലിക്കര- ഫണ്ട് നൽകി<br>25. വയല വാസുദേവൻപിള്ള സ്മാരകം, ചടയമംഗലം- ഫണ്ട് നൽകി<br>26. മലയിൻകീഴ് മാധവകവി സംസ്കൃതി കേന്ദ്രം- ഫണ്ട് നൽകി<br>27. കുഞ്ഞുണ്ണി മാഷ് സ്മാരകം, നാട്ടിക- ഫണ്ട് നൽകി<br>28. കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട്- ഫണ്ട് നൽകി<br>29. അയ്യപ്പപ്പണിക്കർ സൗത്ത് ഇന്ത്യൻ പൊയറ്റ്രി ഫെസ്റ്റിവൽ- ഫണ്ട് നൽകി<br>30. പബ്ലിഷിംഗ് നെക്സ്റ്റ് കോൺഫറൻസ്, കൊച്ചി- ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചു.<br>31. അജു ഫൗണ്ടേഷൻ, മൂവാറ്റുപുഴ- ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചു.<br>32. പത്മശ്രീ രാഘവൻ മാസ്റ്ററുടെ പ്രതിമ, തലശ്ശേരി- ഫണ്ട് നൽകി<br>33. പി.എൻ പണിക്കർ ഫൗണ്ടേഷൻ, തിരുവനന്തപുരം- ഫണ്ട് നൽകി<br>34. ഓയൂർ കൊച്ചുപിള്ള ആശാൻ കലാകേന്ദ്രം- ഫണ്ട് നൽകി<br>35. വക്കം മൗലവി ഫൗണ്ടേഷൻ- ഫണ്ട് നൽകി<br>36. തുഞ്ചൻ സ്മാരക ട്രസ്റ്റ്, തിരൂർ- ഫണ്ട് നൽകി<br>37. സി. അച്യുതമേനോൻ സ്റ്റഡി സെന്റർ & ലൈബ്രറി- ഫണ്ട് നൽകി<br>38. രംഗപ്രഭാത് ചിൽഡ്രൻസ് തീയറ്റർ, വെഞ്ഞാറമൂട്- ഫണ്ട് നൽകി<br>39. മഹാകവി ഉള്ളൂർ മെമ്മോറിയൽ ലൈബ്രറി & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് - ഫണ്ട് |

നൽകി

40. ഉണ്ണായിവാര്യർ കലാനിലയം- ഫണ്ട് നൽകി

41. തൃപ്പൂണിത്തുറ കഥകളി കേന്ദ്രം- ഫണ്ട് നൽകി

42. തിരുവനന്തപുരം അഭയ- സാമൂഹ്യ നീതി വകുപ്പിന് നിർദ്ദേശം നൽകി

43. ശിവഗിരിയിൽ ജാതിയില്ല വിളംബരം ശതാബ്ദി മ്യൂസിയം- ഫണ്ട് നൽകി

44. ശിവഗിരിയിൽ കൺവെൻഷൻ സെന്റർ നിർമ്മാണം പൂർത്തീകരണം - ഫണ്ട് നൽകി

45. ലാറി ബേക്കർ സെന്റർ- ഫണ്ട് നൽകി

46. കെപിപി നമ്പ്യാർ സ്മാരക മ്യൂസിയം- വ്യവസായ വകുപ്പിൽ നടപടി സ്വീകരിച്ചുവരുന്നു.

47.ഭരത് മുരളി ഡ്രാമ അക്കാദമി, കടവട്ടൂർ- പ്രൊപ്പോസൽ ലഭിച്ചു.

48. പണ്ഡിറ്റ് കറുപ്പൻ മെമ്മോറിയൽ, ചെറായി - 2017-18 സാമ്പത്തിക വർഷം നടപ്പിലാക്കുന്നതിന് നിർദ്ദേശിക്കപ്പെട്ട പ്രസ്തുത പദ്ധതിയ്ക്ക് വിശദമായ പ്ലാനും എസ്റ്റിമേറ്റും സഹിതം പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്.

49. വയനാട് ഗോത്ര കലാ പഠനകേന്ദ്രം- വയനാട് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകി.

50. ഇരയിമ്മൻ തമ്പി മെമ്മോറിയൽ, തണ്ണീർമുക്കം- ആലപ്പുഴ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു.

51. ചെമ്പകശ്ശേരി വിശ്വൻ മെമ്മോറിയൽ, കൊല്ലംകോട്- പാലക്കാട് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകി.

52. കരിന്തണ്ടൻ സ്മാരകം, വയനാട്- വയനാട് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകി.

53. രാവുണ്ണി മെമ്മോറിയൽ- പാലക്കാട് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകി.

**2017-18**

1. ആധുനിക നിലവാരത്തിലുള്ള തീയറ്റർ സമുച്ചയം സ്ഥാപിക്കുന്നതിന് കെഎസ്എഫ്ഡിസി യ്ക്ക് കിഫ്ബിയിൽ നിന്നും തുക അനുവദിക്കും- ഡിപിആർ തയ്യാറാക്കുന്നതിലേക്കായി ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ അന്തിമ ഘട്ടത്തിലാണ്.

2. 1000 യുവകലാകാരന്മാർക്ക് വജ്രജൂബിലി ഫെലോഷിപ്പ് - ഫെലോഷിപ്പ് പ്രോഗ്രാം ആവിഷ്കരിച്ച് ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

3. പ്രത്യേക ക്യൂറേറ്റർമാരുടെ സഹായത്തോടെ മ്യൂസിയങ്ങൾ പുനർസംവിധാനം- പുരാവസ്തു വകുപ്പ് ഡയറക്ടറുടെ വിദഗ്ധാഭിപ്രായം തേടി പ്രോജക്ട് നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

4. ജനപങ്കാളിത്തത്തോടെ റെക്കോർഡുകളുടെ ഡിജിറ്റൽ ആർക്കീവ്സ്- പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

5. ദീർഘകാല ആർക്കിയോളജി സമഗ്ര പദ്ധതി- പുരാവസ്തു വകുപ്പ് ഡയറക്ടറുടെ വിദഗ്ദാഭിപ്രായം തേടി പ്രോജക്ട് നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

6. ആലപ്പുഴയിലെ ആസ്പിരിൻവാൾ സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിന് തിരുവിതാംകൂർ കൊട്ടാരത്തിൽ നിന്നും വിലക്കുവാങ്ങുന്നതിന് കിഫ്ബിയിൽ ഉൾപ്പെടുത്തി- പ്രസ്തുത സ്ഥലം ടൂറിസം വകുപ്പിന്റെ പ്രോജക്ടിന് നൽകിയ സാഹചര്യത്തിൽ പദ്ധതി നടത്തിപ്പിനായി പുതിയ സ്ഥലം കണ്ടുപിടിക്കാൻ സാംസ്കാരിക കാര്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

7. ഒ.എൻ.വി യുടെ പേരിൽ സാംസ്കാരിക സമുച്ചയം നിർമ്മാണം- പ്രൊപ്പോസൽ ലഭ്യമാക്കുവാൻ കേരള സാഹിത്യ അക്കാദമിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**<u>തൊഴിലും നൈപുണ്യവും വകുപ്പ്</u>**

**<u>നാഷണൽ എംപ്ലോയ് മെന്റ് സർവ്വീസ് വകുപ്പ്</u>**

**<u>2016–17</u>**

1.എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത ഭിന്നശേഷിയുള്ളവർക്കായുള്ള പുനരധിവാസവും ക്ഷേമ പ്രവർത്തന പദ്ധതിയും (കൈവല്യ) -ഭരണാനുമതി നൽകിയിട്ടുണ്ട്.

2. മോഡൽ കരിയർ സെന്റർ പദ്ധതി – ഭരണാനുമതി നൽകിയിട്ടുണ്ട്.

മേൽ പദ്ധതികൾ പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ട്.

**<u>2017–18</u>**

1. കംപ്യൂട്ടർവത്കരണം.
2. മൾട്ടിപ്പർപ്പസ് സർവ്വീസ് സെന്റേഴ്സ്/ ജോബ് ക്ലബ്ബ്
3. വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകളുടെ ശാക്തീകരണം.ർ
4. ശരണ്യ പദ്ധതി
5. തൊഴിൽ നൈപുണ്യ കേന്ദ്രം
6. മോഡൽ കരിയർ സെന്റർ
7. കൈവല്യ പദ്ധതി

മേൽ പദ്ധതികൾക്കായി വകയിരുത്തിയ തുകകൾ പൂർണ്ണമായി വിനിയോഗിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

**തൊഴിൽ വകുപ്പ്**

**<u>2016–17</u>**

1. ആധുനികവൽക്കരണവും ഇ–പേയ്മെന്റ് സംവിധാനവും.
2. ദിവസവേതനക്കാരായ അസംഘടിതരായ തൊഴിലാളി ആശ്വാസ പദ്ധതി.
3. എസ്റ്റേറ്റ് തൊഴിലാളികളുടെ ദുരിതാശ്വാസ പദ്ധതി.
4. രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന.
5. സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി.
6. ആം ആദ്മി ബീമാ യോജന.
7. പരമ്പരാഗത തൊഴിലാളികൾക്കുള്ള വരുമാനം ഉറപ്പാക്കൽ പദ്ധതി.
8. മരം കയറ്റ തൊഴിലാളി അവശതാ പെൻഷൻ പദ്ധതി.
9. അസംഘടിത മേഖലയിലെ സ്ത്രീ തൊഴിലാളികൾക്കുള്ള പ്രസാവാനുകൂല്യ പദ്ധതി.
10. അന്യസംസ്ഥാന തൊഴിലാളികൾക്കുള്ള ഭവന പദ്ധതി.
11. അസംഘടിത തൊഴിലാളി സാമൂഹ്യസുരക്ഷാ പദ്ധതി.
12. തോട്ടം തൊഴിലാളി ഭവന പദ്ധതി, നഗര പ്രദേശങ്ങളിലെ അസംഘടിതരായ തൊഴിലാളികൾക്കുള്ള ഭവന പദ്ധതി (ജനനി).
13. ഓവർസീസ് ഡവലപ്മെന്റ് & പ്രൊമോഷൻ കൺസൾട്ടൻസ്.
14. അന്യസംസ്ഥാന കുടിയേറ്റ തൊഴിലാളികൾക്കായുള്ള ബോധവത്കരണ പരിപാടി.
15. തൊഴിൽ വകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് വകുപ്പിന്റെ സഹവർത്തികൾക്ക് വിവരങ്ങൾ, ധാരണകൾ, അറിവ് പ്രദാനം ചെയ്യൽ.
16. മൂന്നാർ ലേബർ കോംപ്ലക്സിന്റെ നിർമ്മാണം.

മൂന്നാർ ലേബർ കോംപ്ലക്സിന്റെ നിർമ്മാണത്തിന് ഭരണാനുമതി ലഭിക്കുകയും കെട്ടിട നിർമ്മാണത്തിന് ബി.എസ്.എൻ.എൽ-നെ ഏൽപ്പിയ്ക്കാൻ ഉത്തരവാകുകയും ചെയ്തു. ആയത് പ്രകാരം റഫ് കോസ്റ്റ് എസ്റ്റിമേറ്റ് അനുമതിക്കായി സമർപ്പിച്ചിരുന്നെങ്കിലും സാങ്കേതിക കാരണങ്ങളാൽ ധനവകുപ്പ് അനുമതി നൽകിയില്ല. അന്യസംസ്ഥാന തൊഴിലാളികൾക്കുള്ള ഭവന

പദ്ധതിയുടെ കീഴിലുള്ള പാലക്കാട് സ്കീമിനായി അനുവദിച്ച 1 കോടി രൂപ പൂർണ്ണമായി ഉപയോഗിച്ചു. നഗര പ്രദേശങ്ങളിലെ അസംഘടിതരായ തൊഴിലാളികൾക്കുള്ള ഭവന പദ്ധതി, തോട്ടം തൊഴിലാളി ഭവന പദ്ധതി, ലേബർ ലൈൻ മോഡേണൈസേഷൻ സ്കീം എന്നിവയ്ക്ക് അനുവദിച്ച തുക വിനിയോഗിക്കാൻ സാധിച്ചില്ല.

**2017-18**

1. ആധുനികവൽക്കരണവും ഇ-പേയ്മെന്റ് സംവിധാനവും.
2. ദിവസവേതനക്കാരായ അസംഘടിതരായ തൊഴിലാളി ആശ്വാസ പദ്ധതി.
3. എസ്റ്റേറ്റ് തൊഴിലാളികളുടെ ദുരിതാശ്വാസ പദ്ധതി.
4. രാഷ്ട്രീയ സ്വസ്ഥ്യ ബീമാ യോജന.
5. സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി.
6. ആം ആദ്മി ബീമാ യോജന.
7. പരമ്പരാഗത തൊഴിലാളികൾക്കുള്ള വരുമാനം ഉറപ്പാക്കൽ പദ്ധതി.
8. മരം കയറ്റ തൊഴിലാളി അവശതാ പെൻഷൻ പദ്ധതി.
9. അസംഘടിത മേഖലയിലെ സ്ത്രീ തൊഴിലാളികൾക്കുള്ള പ്രസാവാനുകൂല്യ പദ്ധതി.
10. അന്യസംസ്ഥാന തൊഴിലാളികൾക്കുള്ള ഭവന പദ്ധതി
11. അസംഘടിത തൊഴിലാളി സാമൂഹ്യസുരക്ഷാ പദ്ധതി
12. തോട്ടം തൊഴിലാളി ഭവന പദ്ധതി, നഗര പ്രദേശങ്ങളിലെ അസംഘടിതരായ തൊഴിലാളികൾക്കുള്ള ഭവന പദ്ധതി (ജനനി)
13. ഓവർസീസ് ഡവലപ്മെന്റ് & പ്രൊമോഷൻ കൺസൾട്ടൻസ്
14. അന്യസംസ്ഥാന കുടിയേറ്റ തൊഴിലാളികൾക്കായുള്ള ബോധവത്കരണ പരിപാടി
15. തൊഴിൽ വകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് വകുപ്പിന്റെ സഹവർത്തികൾക്ക് വിവരങ്ങൾ, ധാരണകൾ, അറിവ് പ്രദാനം ചെയ്യൽ.
16. മൂന്നാർ ലേബർ കോംപ്ലക്സിന്റെ നിർമ്മാണം.

2016-17 ലെ തുടർ പദ്ധതികളാണ്. മൂന്നാർ ലേബർ കോംപ്ലക്സ് കെട്ടിടത്തിന്റെ നിർമ്മാണ എസ്റ്റിമേറ്റിലെ സാങ്കേതിക അപാകതകൾ പരിഹരിച്ച് പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിച്ചെങ്കിലും വീണ്ടും അപാകതകൾ ചൂണ്ടിക്കാണിച്ച് എസ്റ്റിമേറ്റ് തിരിച്ചയക്കുകയുണ്ടായി. യഥാസമയം എസ്റ്റിമേറ്റ് വീണ്ടും പുതുക്കി നൽകാത്തതിനാൽ ബജറ്റിൽ വകയിരുത്തിയ 1 കോടി രൂപ ഇ-ലാംസിലേയ്ക്ക് മാറ്റുകയുണ്ടായി. അന്യസംസ്ഥാന തൊഴിലാളികൾക്കുള്ള ഭവന പദ്ധതിയ്ക്കായി കളമശ്ശേരിയിൽ കിൻഫ്രാ ഹൈടെക്ക് പാർക്കിൽ ഒരു ഏക്കർ സ്ഥലം 30 വർഷത്തേക്ക് പാട്ടത്തിന് എടുത്തു. ജനനി പദ്ധതി ആക്കുളം സ്കീമിനായി സ്ഥലം ലഭ്യമാകാത്തതിനാൽ തുക ഉപയോഗിക്കാൻ സാധിച്ചില്ല. ഭവനം പദ്ധതിയുടെ നിർദ്ദേശം പരിഗണനയിലാണ്.

**<u>വ്യാവസായിക പരിശീലന വകുപ്പ്</u>**

**2016-17**

1. ഐ.ടി.ഐ കളുടെ ആധുനികവൽക്കരണം
2. ഡവലപ്മെന്റ് ഓഫ് സ്റ്റാഫ് ട്രെയിനിംഗ് ഇൻഫ്രാസ്ട്രക്ച്ചർ
3. പ്ലാനിംഗ് ആന്റ് മോണിറ്ററിംഗ് സെൽ മോഡേണൈസേഷൻ ആന്റ് കംപ്യൂട്ടറൈസേഷൻ.
4. സ്കിൽ ഡവലപ്മെന്റ് പ്രോഗ്രാം ഓഫ് ഐടിഡി
5. അപ്ഗ്രേഡേഷൻ ഓഫ് ട്രേഡ് ടെസ്റ്റ് വിംഗ്
6. ഭാഷാ ന്യൂനപക്ഷ ഐടിഐകൾ ശക്തിപ്പെടുത്തൽ
7. വനിതാ ഐ.ടി.ഐകളുടെ പദവി ഉയർത്തൽ

8. ഐ.ടി.ഐ ട്രെയിനികൾക്കുള്ള പോഷകാഹാര പദ്ധതി
9. പരസ്യ പ്രചാരണം
10. പ്ലേസ്മെന്റ് ലിങ്ക്ഡ് എംപ്ലോയബിലിറ്റി പ്രോഗ്രാം
11. ഐടി അധിഷ്ഠിത സംരംഭങ്ങൾ
12. സിവിൽ വർക്സ്
13. സ്റ്റാഫ് ട്രെയിനിംഗ് ഇൻഫ്രാസ്ട്രക്ച്ചർ ഓഫ് ഐടിഡി
14. അപ്ഗ്രേഡേഷൻ ഓഫ് ഐടിഐഎസ് ഇന്റു സിഒഇ
15. മോഡൽ ഐടിഐ സ്ഥാപിക്കൽ

**<u>2017-18</u>**

1. ഐ.ടി.ഐകളുടെ ആധുനികവൽക്കരണം
2. ഡവലപ്മെന്റ് ഓഫ് സ്റ്റാഫ് ട്രെയിനിംഗ് ഇൻഫ്രാസ്ട്രക്ച്ചർ
3. പ്ലാനിംഗ് ആന്റ് മോണിറ്ററിംഗ് സെൽ മോഡേണൈസേഷൻ ആന്റ് കംപ്യൂട്ടറൈസേഷൻ
4. സ്കിൽ ഡവലപ്മെന്റ് പ്രോഗ്രാം ഓഫ് ഐടിഡി
5. അപ്ഗ്രേഡേഷൻ ഓഫ് ട്രേഡ് ടെസ്റ്റ് വിംഗ്
6. ഭാഷാ ന്യൂനപക്ഷ ഐടിഐകൾ ശക്തിപ്പെടുത്തൽ
7. വനിതാ ഐ.ടി.ഐകളുടെ പദവി ഉയർത്തൽ
8. ഐ.ടി.ഐ ട്രെയിനികൾക്കുള്ള പോഷകാഹാര പദ്ധതി
9. പരസ്യ പ്രചാരണം
10. പ്ലേസ്മെന്റ് ലിങ്ക്ഡ് എംപ്ലോയബിലിറ്റി പ്രോഗ്രാം
11. ഐടി അധിഷ്ഠിത സംരംഭങ്ങൾ
12. സിവിൽ വർക്സ്
13. സ്റ്റാഫ് ട്രെയിനിംഗ് ഇൻഫ്രാസ്ട്രക്ച്ചർ ഓഫ് ഐടിഡി
14. അപ്ഗ്രേഡേഷൻ ഓഫ് ഐടിഐഎസ് ഇന്റു സിഒഇ
15. മോഡൽ ഐടിഐ സ്ഥാപിക്കൽ
16. സ്കിൽ സ്ട്രെംഗ്തനിംഗ് ഫോർ ഇൻഡസ്ട്രിയൽ വാല്യൂ എൻഹാൻസ്മെന്റ്
17. സംസ്ഥാന നൈപുണ്യ വികാസ യജ്ഞം
18. അഡ്വാൻസ്ഡ് വൊക്കേഷണൽ ട്രെയിനിംഗ് ഫോർ ഇന്റസ്ട്രിയൽ വർക്കേഴ്സ് ആൻഡ് ഇൻസ്ട്രക്ടേഴ്സ്
19. അപ്രന്റിസ് പരിശീലന പദ്ധതി
20. പുതിയ ഐ.ടി.ഐ സ്ഥാപിക്കൽ

ഇതിൽ പ്ലേസ്മെന്റ് ലിങ്ക്ഡ് എംപ്ലോയബിലിറ്റി പ്രോഗ്രാം പദ്ധതി ഉപേക്ഷിച്ചു. മറ്റെല്ലാ പദ്ധതികളും വകുപ്പ് നടപ്പിലാക്കുകയും അതിന്റെ ഗുണഫലം ഐ.ടി.ഐ ട്രെയിനികൾക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. സ്കിൽ ഡവലപ്മെന്റ് പ്രോഗ്രാം ഓഫ് ഐടിഡി എന്ന പദ്ധതി കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് എന്ന സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ വഴി ആണ് നടപ്പിലാക്കുന്നത്. കൂടാതെ പെരുമാട്ടി, പേരാമ്പ്ര, വാമനപുരം, ചാത്തമംഗലം, പിണറായി, പടിയൂർ, കൊടോം ബെളൂർ, കൊട്ടാരക്കര എന്നിവിടങ്ങളിൽ പുതിയ ഐ.ടി.ഐകൾ സ്ഥാപിച്ചിട്ടുണ്ട്.

**<u>ഗതാഗതവകുപ്പ്</u>**

**<u>2016-17</u>**

ആലപ്പുഴ ബോട്ട് ജെട്ടി, ബസ് സ്റ്റാന്റ് എന്നിവയെ സംയോജിപ്പിച്ച് ഒരു മൊബിലിറ്റി ഹബ്ബ് ഉണ്ടാക്കുകയും റയിൽവേ സ്റ്റേഷനുമായി തുടർച്ചയായ ബസ്സ് സർവ്വീസിലൂടെ ഈ കേന്ദ്രത്തെ ബന്ധിപ്പിക്കുകയും ചെയ്യുന്ന പദ്ധതി - പ്രാരംഭ നടപടികൾ നടന്നു വരുന്നു.

<u>മോട്ടോർ വാഹനവകുപ്പിൽ നടപ്പിലാക്കുവാൻ സാധിച്ചവ</u>

1. ഡ്രൈവർ ടെസ്റ്റിംഗ് ട്രാക്കുകൾ 5 എണ്ണം (തൃപ്പൂണിത്തുറ, തളിപ്പറമ്പ്,

കാസറഗോഡ്, എടപ്പാൾ, കൊച്ചി) - ഭരണാനുമതി ലഭിച്ചു. ടെൻഡർ നടപടികൾക്കായി കിറ്റ്കോ -യെ ചുമതലപ്പെടുത്തി.

2. വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷൻ 4 എണ്ണം (തൃപ്പൂണിത്തുറ, തളിപ്പറമ്പ്, കാസറഗോഡ്, എടപ്പാൾ) - ഭരണാനുമതി ലഭിച്ചു. ടെൻഡർ നടപടികൾക്കായി കിറ്റ്കോ -യെ ചുമതലപ്പെടുത്തി.

3. റഡാർ സർവ്വയിലൻസ് സിസ്റ്റം - പാലക്കാട് ജില്ലയിൽ റഡാർ സർവയിലൻസ് സിസ്റ്റം സ്ഥാപിക്കുന്നതിന് കെൽട്രോണിനെ ചുമതലപ്പെടുത്തി. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.

4. ചെക്ക് പോസ്റ്റ് നവീകരണം - പദ്ധതിയ്ക്ക് KSTP യിൽ നിന്നും സ്ഥലം ലഭ്യമാകാത്തതിനാൽ പദ്ധതി 2016-17 സാമ്പത്തിക വർഷത്തിൽ ആരംഭിക്കുവാൻ സാധിച്ചില്ല. വഴിക്കടവ് ചെക്ക് പോസ്റ്റ് നവീകരണത്തിന് ഒരു സ്വകാര്യ വ്യക്തിയുടെ സ്ഥലം ലഭ്യമാണെന്ന് ആർ.ടി.ഒ അറിയിച്ചതിൻ പ്രകാരം നടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നു.

**2017-18**

സംസ്ഥാന ജല ഗതാഗത വകുപ്പിന് മുഹമ്മ, ആലപ്പുഴ, കുമരകം, എറണാകുളം റൂട്ടുകളിൽ വാട്ടർ ടാക്സി സർവ്വീസുകൾ ആരംഭിക്കുന്നതിനും കൊല്ലത്ത് സീ-അഷ്ടമുടി എന്ന പേരിൽ പാസ്സഞ്ചർ ടൂറിസ്റ്റ് സർവ്വീസ് ആരംഭിക്കുന്നതിനും 22 കോടി രൂപ വകയിരുത്തി - ഭരണാനുമതി നൽകിയിട്ടുണ്ട്.

**സി.എസ്.ഐ.എൻ വകുപ്പ്**

**2016-2017**

1. കൊല്ലം തോടിന്റെ വികസനം - സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2. പയ്യോളി കനാലിന്റെ വികസനം - സാങ്കേതികാനുമതിയ്ക്കായി എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

